ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് സിറ്റി. തിയ്യതി 10.04.2019

## പത്രക്കുറിപ്പ്.

12.04.2019 തിയ്യതി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ കോഴിക്കോട് സന്ദർശനത്തോടനുബന്ധിച്ച് 11.04.19, 12.04.19 തിയ്യതികളിൽ കോഴിക്കോട് സിറ്റിയിൽ ട്രാഫിക്ക് നിയന്ത്രണങ്ങൾ ഉള്ളതിനാൽ പൊതുജനങ്ങൾ പരമാവധി സഹകരിക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു.

10/4/19

OFFICE OF THE ASST. COMMISSIONER OF THE POLICE
CALICUT CITY
Date
SPECIAL BRANCH

ജില്ലാ പോലീസ് മേധാവിയ്ക്കുവേണ്ടി,
അസി. പോലീസ് കമ്മീഷണർ,
സ്പെഷൽ ബ്രാഞ്ച്, കോഴിക്കോട് സിറ്റി.

സിറ്റി പോലീസ് ഓഫീസ്
കോഴിക്കോട് സിറ്റി. തിയ്യതി.10.04.19

# പത്രകുറിപ്പ്

ലോകസഭാ തിരഞ്ഞെടുപ്പ് പ്രചരണത്തിൻെറ ഭാഗമായി 12.04.2019 തിയ്യതി കോഴിക്കോട് കടപ്പുറത്തുവച്ച് നടക്കുന്ന പൊതുപരിപാടിയിൽ പങ്കെടുക്കാനെത്തുന്നവർ ചുവടെ പറയും പ്രകാരം ആളുകളെ പ്രവേശിപ്പിക്കേണ്ടതാണ്:

1) തലശ്ശേരി, വടകര, പേരാമ്പ്ര, ഉള്ള്യേരി ഭാഗത്തു നിന്നും പ്രവർത്തകരുമായി വരുന്ന വാഹനങ്ങൾ പൂളാടികുന്ന് നിന്നും തിരിഞ്ഞ് എരഞ്ഞിക്കൽ, പാവങ്ങാട് എത്തി വലത്തോട്ട് തിരിഞ്ഞ് വെങ്ങാലി റെയിൽവെ ഓവർ ബ്രിഡ്ജ് കയറിയിറങ്ങി പടിഞ്ഞാറ്റവശം റോഡിലൂടെ പുതിയാപ്പ ബീച്ചിൽ പ്രവേശിച്ച് ഗാന്ധിറോഡ് ജംഗ്ഷന് 200 മീറ്റർ മുൻപ് ആളെ ഇറക്കി വാഹനങ്ങൾ നോർത്ത് ബീച്ച് ഭാഗത്തേക്ക് പാർക്ക് ചെയ്യേണ്ടതും പ്രവർത്തകർ പണിക്കർറോഡ്, വെള്ളയിൽ റോഡ് വഴി മൂന്നാലിങ്കൽ എത്തി പടിഞ്ഞാറ് സൗത്ത് ബീച്ചിലേക്ക് പ്രവേശിക്കേണ്ടതാണ്.

2) മലപ്പുറം ഭാഗത്തു നിന്നും വരുന്ന വാഹനങ്ങൾ രാമനാട്ടുകര, മീഞ്ചന്ത, കല്ലായ്, പുഷ്പ ജംഗ്ഷനിൽ എത്തി ഫ്രാൻസിസ് റോഡ് വഴി വലിയങ്ങാടി ജംഗ്ഷനിൽ ആളെ ഇറക്കി സൗത്ത് ബീച്ച് ഭാഗത്ത് കോതിപാലം റോഡിൽ പ്രവേശിച്ച് റോഡിൻെറ പടിഞ്ഞാറ്റവശം പാർക്ക് ചെയ്യേണ്ടതാണ്.

3)താമരശ്ശേരി, മുക്കം ഭാഗത്തു നിന്നും വരുന്ന വാഹനങ്ങൾ മലാപറമ്പ് വഴി എരഞ്ഞിപാലത്ത് എത്തി വലത്തോട്ട് തിരിഞ്ഞ് കാരപറമ്പ്, ഈസ്റ്റ്ഹിൽ, വെസ്റ്റ് ഹിൽ, വരക്കൽ റോഡ് വഴി ബീച്ചിൽ എത്തി ഗാന്ധി റോഡ് ജംഗഷന് 100 മീറ്റർ മുൻപ് ആളെ ഇറക്കി നോർത്ത് ബീച്ച് ഭാഗത്ത് പാർക്ക് ചെയ്യേണ്ടതാണ്.

4) മെഡിക്കൽ കോളേജ് ഭാഗത്തു നിന്നും വരുന്ന വാഹനങ്ങൾ തൊണ്ടയാട്, മലാപറമ്പ്, എരഞ്ഞിപാലം, കാരപറമ്പ്, ഈസ്റ്റ്ഹിൽ, വെസ്റ്റ് ഹിൽ, വരക്കൽ റോഡ് വഴി ബീച്ചിൽ എത്തി ഗാന്ധിറോഡ് ജംഗ്ഷന് 100 മീറ്റർ ആളെ ഇറക്കി നോർത്ത് ബീച്ച് ഭാഗത്തേക്ക് പാർക്ക് ചെയ്യേണ്ടതാണ്.

5) ബാലുശ്ശേരി, കാക്കൂർ ഭാഗത്തു നിന്നും വരുന്ന വാഹനങ്ങൾ വേങ്ങേരി കരിക്കാംകുളം, കാരപറമ്പ്, ഈസ്റ്റ്ഹിൽ, വെസ്റ്റ് ഹിൽ, വരക്കൽ വഴി ബീച്ചിൽ എത്തി ഗാന്ധിറോഡ് ജംഗ്ഷന് 100 മീറ്റർ മുൻപ് ആളെ ഇറക്കി നോർത്ത് ബീച്ച് ഭാഗത്ത് പാർക്ക് ചെയ്യേണ്ടതാണ്.

12.04.2019 തിയ്യതിയിലെ ബഹു. പ്രധാനമന്ത്രിയുടെ കോഴിക്കോട് സന്ദർശനവുമായി ബന്ധപ്പെട്ട് കോഴിക്കോട് സിറ്റിയിൽ ട്രാഫിക്ക് നിയന്ത്രണങ്ങൾ ഉണ്ടായിരിയ്ക്കുന്നതാണ്. പൊതു ജനങ്ങൾ ട്രാഫിക്ക് നിയമങ്ങൾ പാലിച്ചുകൊണ്ട് പോലീസുമായി സഹകരിയ്ക്കുക.

OFFICE OF THE ASST. COMMISSIONER OF THE POLICE
CALICUT CITY
Pin-673 001
Date ..........
SPECIAL BRANCH

ജില്ലാ പോലീസ് മേധാവിക്കു വേണ്ടി
അസിസ്റ്റ് പോലീസ് കമ്മീഷണർ,
സ്പെഷൽ ബ്രാഞ്ച്, കോഴിക്കോട് സിറ്റി